**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2276** **21-06-2024 - ൽ മറുപടിയ്ക്ക്**

**ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം സപ്ലൈകോയ്ക്ക് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സപ്ലൈകോയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും വിപണി ഇടപെടൽ പ്രവർത്തനങ്ങളുമായി സപ്ലൈകോ മുന്നോട്ടു പോകുന്നുണ്ട്. എന്നാൽ നിലവിൽ സാമ്പത്തിക പ്രതിസന്ധി മൂലം 13 ഇനം സബ്സിഡി സാധനങ്ങൾ എല്ലാം ആവശ്യാനുസരണം ലഭ്യമാക്കാൻ സാധിക്കുന്നില്ല. വിതരണക്കാരുടെ കുടിശ്ശിക തീർക്കുന്നതിനും ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിലക്കയറ്റം പിടിച്ചു നിർത്താനും ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വില്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർദ്ധിപ്പിച്ചിരുന്നില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു) |

16-02-2024- തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇത് മൂലം സാധിക്കുന്നതാണ്. പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധം II ആയി ചേർക്കുന്നു.

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകി വരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വിൽപ്പന വില 142.80 രൂപയാണ്.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ- റൈസ് (ജയ അരി) – 1 കി.ഗ്രാമിന് 29 രൂപ

ശബരി കെ- റൈസ് (കുറുവ അരി) – 1 കി.ഗ്രാമിന് 30 രൂപ

ശബരി കെ- റൈസ് (മട്ട അരി) – 1 കി.ഗ്രാമിന് 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ

| | | | |
|---|---|---|---|
| | | | പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.<br><br>1.ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഉണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>2.ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.<br><br>3. പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾ മൂലം ഉറപ്പാക്കാൻ സാധിക്കുന്നു.<br><br>സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ ജനങ്ങളിലേയ്ക്ക് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| സാമ്പത്തിക വർഷം | സബ്സിഡി നിരക്കിലുള്ള ആകെ വിറ്റുവരവ് (കോടി രൂപ) | സബ്സിഡി വിൽപ്പനയിലൂടെ ജനങ്ങൾക്ക് ലഭ്യമായ ആനുകൂല്യം (കോടി രൂപ) |
|---|---|---|
| 2021-22 | 526.16 | 270.68 |
| 2022-23 | 841.23 | 585.97 |
| 2023-24 | 479.29 | 346.534 |

## അനുബന്ധം II

| ക്രമ നം. | ഇനം | സബ്സിഡി വില്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 92 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല ( 1 കി.ഗ്രാം ) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 75 | 1 കിലോ ഗ്രാം |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 111 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം ) | 75 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം ) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 27 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ ) | 55 | 500 മില്ലി ലിറ്റർ |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 30 | |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 30 | |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 26 | |

നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.